# ACADEMIC MASTER PLAN




## ST. THOMAS U.P.SCHOOL KOONAMMOOCHI

## 2025 - 2026

# ആമുഖം

വികസനോന്മുഖമായ ഒരു സമൂഹ നിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നതിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും സഹായകമായ തരത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് ഇതിൽ പ്രാധാന്യം നൽകുന്നു. ഇതിനായി ചേർന്ന SRG യോഗത്തിൽ പൊതുവായ ലക്ഷ്യങ്ങളും. വിവിധ വിഷയങ്ങളുടെ പ്ലാനുകളും തയ്യാറാക്കി PTA, മാനേജ്മെന്റ്, SMC അംഗീകാരത്തോടെ നടപ്പിൽ വരുത്തുവാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സെന്റ് തോമസ് യു. പി. എസ്
കുന്നംമൂച്ചി

മേൽവിലാസം : പി. ഒ. കുന്നംമൂച്ചി
തൃശ്ശൂർ ജില്ല
പിൻ - 680504

ഫോൺ നമ്പർ : 04885 230190

സ്കൂൾ കോഡ് : 24354

വിദ്യാഭ്യാസ ഉപജില്ല : കുന്നംകുളം

വിദ്യാഭ്യാസ ജില്ല : ചാവക്കാട്

റവന്യൂ ജില്ല : തൃശ്ശൂർ

ബി. ആർ. സി : ചൊവ്വന്നൂർ

സി. ആർ. സി : മറ്റം

ഗ്രാമപഞ്ചായത്ത് : കണ്ടാണശ്ശേരി

ബ്ലോക്ക് പഞ്ചായത്ത് : ചൊവ്വന്നൂർ

ജില്ലാ പഞ്ചായത്ത് : തൃശ്ശൂർ

നിയമസഭാമണ്ഡലം : മണലൂർ

ലോകസഭാമണ്ഡലം : തൃശ്ശൂർ

താലൂക്ക് : കുന്നംകുളം

വില്ലേജ് : ആളൂർ

ഇ-മെയിൽ വിലാസം : agnesdaviskj@gmail.com

# പൊതുലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക
* വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക
* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയുടെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക
* നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കുട്ടികളിലെ ശേഷികൾ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുക
* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * മികച്ച പഠനാന്തരീക്ഷം<br>* വിദ്യാർത്ഥികളുടെ എണ്ണത്തിൽ പുരോഗതി<br>* കല, കായികം, പ്രവൃത്തി പരിചയം എന്നിവയിൽ മികവ്<br>* മികച്ച ലൈബ്രറി, ലാബ്<br>* LSS, USS നേടിയ കുട്ടികളുടെ എണ്ണത്തിൽ പുരോഗതി<br>* അധ്യാപകരുടെ കൂട്ടായ പ്രവർത്തനങ്ങൾ<br>* കൃഷി, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികളിൽ വളർത്തൽ<br>* പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും തുല്യ പങ്കാളിത്തം. | * IT അധിഷ്ഠിത പഠനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്<br>* സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്താൻ കൂടുതൽ അവസരമുണ്ടാക്കണം<br>* ഭാഷാശേഷിയും ഗണിത ശേഷിയും കുട്ടികൾക്ക് കൂടുതൽ മെച്ചപ്പെടുത്തണം<br>* ID കുട്ടികളുടെ പിന്തുണ സംവിധാനം മെച്ചപ്പെടുത്തണം. |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രമായ ആശയവിനിമയത്തിന് അവസരമുണ്ടാക്കുക
3. മികച്ച വായനാശീലം വളർത്തുക
4. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തി സർഗ്ഗാത്മക രചനകൾക്കുള്ള അവസരമുണ്ടാക്കുക.
5. ഭാഷാശേഷി വികസനത്തിനായി ICT സാധ്യതകൾ ഉപയോഗിക്കുക.

## ഇംഗ്ലീഷ്:-

1. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഉപയോഗപ്പെടുത്തി ഇംഗ്ലീഷ് പഠനത്തിന് താൽപര്യം വളർത്തുക
2. ഇംഗ്ലീഷിൽ ചെറിയ ആശയവിനിമയം ആത്മവിശ്വാസത്തോടെ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക
3. സ്കൂൾ ലൈബ്രറി, ക്ലാസ്, വായനമൂല എന്നിവിടങ്ങളിൽ ലളിതവും രസകരവുമായ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
4. "Hello English" മാതൃകയിൽ കൂടുതൽ സാമഗ്രികൾ ഉപയോഗപ്പെടുത്തുന്നതിനായി രക്ഷിതാക്കളുടെ പങ്കാളിത്തം
5. സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക.

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തി ശാസ്ത്രബോധം ശാസ്ത്രമനോഭാവം എന്നിവ ഉണ്ടാക്കുക
2. ശാസ്ത്രത്തിന്റെ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തുക
3. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക
4. ശാസ്ത്രം ദൈനംദിന ജീവിതവുമായി എങ്ങനെ ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുക.

## സാമൂഹികാവബോധം

1. താൻ സമൂഹത്തിന്റെ ഭാഗമാണെന്ന അറിവ് കുട്ടിയിൽ വളർത്തുക.
2. ജനാധിപത്യരീതി ജീവിതത്തിൽ വളർത്തിയെടുക്കുക
3. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ കുട്ടികൾ നേടിയെന്നുറപ്പാക്കൽ
2. ഗണിതവും ജീവിതവും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ബോധ്യപ്പെടുത്തൽ
3. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക
4. യുക്തി ചിന്ത, വിശകലനശേഷി, ഗണിത ചിന്ത എന്നിവ വളർത്തുക.

ITC :-

1. കുട്ടികൾക്ക് സ്വതന്ത്രമായും ഭയമില്ലാതെയും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ പ്രാപ്തരാക്കുക.
2. ഓരോ ക്ലാസിലും ICT സാധ്യതകൾ ഉറപ്പുവരുത്തൽ
3 കുട്ടികളിൽ ICT മൂലം പഠനം രസകരമാക്കുന്നതിന് അവസരം ഒരുക്കുക.

കായിക പരിശീലനം (ആരോഗ്യം)

1 കുട്ടികളിൽ കായികാരോഗ്യക്ഷമത ഉറപ്പാക്കൽ
2 നല്ലതും ശരിയായതുമായ ആരോഗ്യശീലങ്ങൾ വളർത്തൽ
3 കായികാരോഗ്യത്തിലൂടെ മനസ്സിന്റെ ശക്തി വർധിപ്പിക്കൽ
4 വിദ്യാലയത്തിൽ ജൈവവൈവിധ്യം നിറച്ച് മാലിന്യ വിമുക്തമാക്കുക.

പ്രവൃത്തി-പരിചയ -കലാ വിദ്യാഭ്യാസം

1. കുട്ടികളിലെ നിർമാണാത്മക കഴിവുകൾ വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും നിത്യോപയോഗ വസ്തുക്കളും നിർമിക്കുക
3 കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
4 കുട്ടികളിൽ കലാഭിരുചി വളർത്തുക
5 പഠന പ്രവർത്തനങ്ങളുമായി കലയെ ബന്ധപ്പെടുത്തുക

അറബിക്, ഉറുദു, ഹിന്ദി, സംസ്കൃതം

1. എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

2. പഠനനേട്ടങ്ങൾ കുട്ടികളിൽ ഉറപ്പുവരുത്തുക

3. മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ നല്ലരീതിയിൽ കുട്ടികളിൽ ഉറപ്പിക്കുക.

4. ICT സാധ്യതകൾ ഭാഷാപഠനത്തിൽ ഉപയോഗിക്കുക.

5. ഓരോ വിഷയവുമായി ബന്ധപ്പെട്ട സർഗാത്മക കഴിവുകൾ വളർത്തിയെടുക്കുക.

LP - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | വായന കുറിപ്പ് - പതിപ്പ് പുസ്തക മേള ആസ്വാദന കുറിപ്പ് - മാഗസിൻ - ക്ലാസ്തലം, സ്കൂൾ തലം. കാവ്യോത്സവം. ചലനോത്സവം - പ്രദർശനം വായനശാല അംഗത്വം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ PTA OSA | |
| സ്വന്തം അനുഭവങ്ങൾ, സംഭവങ്ങൾ എന്നിവ എഴുതി അവതരിപ്പിക്കുന്നു. | സംയുക്ത ഡയറി വിവരണം തയാറാക്കൽ കഥ എഴുതാം. വരികൾ കൂട്ടിച്ചേർക്കൂ പാചക കുറിപ്പ് തയാറാക്കാം. നാടകം എഴുതാം. നാടകാവതരണം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ PTA | |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തൽ | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ. ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ നാടൻപാട്ട്, പാട്ടുവണ്ടി എഴുത്തുകാരെ പരിചയപ്പെടൽ, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ PTA | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാമൂലയിൽ കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുന്നതിനും വായിക്കുന്നതിനുമുള്ള അവസരങ്ങൾ ഉറപ്പുവരുത്തൽ | പുസ്തകത്തൊട്ടിൽ<br>പിറന്നാൾ സമ്മാനം.<br>ക്ലാസ് ഒരു വായനക്കൂട്<br>വായനോത്സവം<br>വീട് ഒരു പുസ്തകക്കൂട് | ജൂൺ - മാർച്ച് | അധ്യാപകർ<br>PTA<br>MPTA | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്<br>ചിത്ര വായന<br>മധുരം മലയാളം<br>ഗ്രാഫിക് വായന<br>കഥാവേള<br>ചിത്ര കഥ നിർമ്മാണം<br>വായനാ കാർഡ് (game)<br>പദസൂര്യൻ നിർമ്മാണം<br>വളരുന്ന വാക്യങ്ങൾ<br>ചങ്ങല വായന<br>കട്ടിക്കെടുത്ത് | ജൂൺ - സെപ്റ്റംബർ | അധ്യാപകർ | |
| കുട്ടിയെ സ്വതന്ത്ര വായനക്കാരനും എഴുത്തുകാരനുമാക്കുക. | കഥ അവതരണം വിവിധ<br>വായന കാർഡ് നിർമ്മാണം<br>അമ്മ വായന, ആസ്വാദനക്കുറിപ്പ്<br>വായനോത്സവം, സംയുക്ത ഡയറി<br>റീഡേഴ്സ് തിയറ്റർ<br>സ്കിറ്റ്, റോൾ പ്ലേ.<br>വീട് ഒരു പുസ്തകക്കൂട്<br>രചനോത്സവം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>PTA<br>MPTA | |

# LP ENGLISH Master plan

| AIM | ACTIVITIES | TIME | Responsibility | Economic Analysis |
|---|---|---|---|---|
| • To speak, Read & write English without any mistakes | Reading conversation Poem → Add more lines | June - March. | SRG | SSA PTA |
| • To develop listening skills and reading skills | Games, Action Songs, Hello English activities. Skit stories | June - Aug. | Class Teacher. | |
| • To develop Speaking skills | • Identify the naming words from the pic. • Identify the action words | June | SRG Class Tr SMC | SSA PTA |
| | • Make simple description about the Picture. | Sep - Dec. | | |
| | • Growing sentences, Picture reading Self introduction. | August September. | Class Tr. | SSA |

| Aim | Activities | Time | Responsibility | Economic Analysis |
|---|---|---|---|---|
| . writing Skills | · make wordweb<br>· word chain<br>· make words &. Sentencess<br>· make riddles,<br>· conversations | June-Aug.<br>October November. | H M Class Tr.<br>SMC | SMC |
| | · Add more lines<br>· Dairy<br>· Announcement | Feb-March | Class Tr | P.TA |
| · Reading skills | · Library book reading<br>· conversations<br>· skit<br>· stories<br>· use ICT | Dec-Janu- | Class Tr<br>SRG. | SMC. |
| | · Read notice.<br>· Develop story | Feb-March. | | |

L.P വിഭാഗം പരിസരം - 10000

പ്രവർത്തനം-1 പ്രകൃതിനടത്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>* ജീവികളുടെ പാരസ്പര്യം - ചർച്ച<br>* നമ്മുടെ ചുറ്റുപാടുമുള്ള മലിനീകരണപ്രശ്നങ്ങൾ അനുഭവിച്ചറിയാം<br>* പ്രകൃതിയ്ക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം | ജൂൺ ഒക്ടോബർ | ക്ലാസ് ടീച്ചേഴ്സ് | |
| പ്രവർത്തനം<br>ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | പൂന്തോട്ടം ഒരുക്കാം<br>* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>* വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ | 2000 |
| | പ്രവർത്തനം - 3<br>പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ<br>* പോസ്റ്റർ നിർമ്മാണം | ജൂൺ മാർച്ച് | വിദ്യാർഥികൾ രക്ഷിതാക്കൾ | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും ഉണർത്തുക | നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. [കൃഷിയിടം, വയൽ, കാട്] | ജൂൺ വരി- മാർച്ച് | H.M അധ്യാപകർ PTA | 5000 |
| | പ്രവർത്തനം-8 | | | |
| | പരീക്ഷണങ്ങൾ ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ഡിസംബർ ഫെബ്രുവരി | അധ്യാപകർ | 2000 |
| | പ്രവർത്തനം | | | |
| | ശാസ്ത്രജ്ഞരോടൊപ്പം. ക്യാമ്പ്. മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ, ഫെബ്രുവരി | അധ്യാപകർ | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചിലവ് |
|---|---|---|---|---|
| | * പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>* പരിസരങ്ങളിൽ പതിക്കൽ<br>* പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | ജൂൺ<br>മാർച്ച്<br>മെയ് | അധ്യാപകർ<br>PTA | 1000 |
| കുട്ടികളെ വ്യക്തിശുചിത്വത്തിലും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക. | പ്രവർത്തനം - ദിനകൃത്യങ്ങൾ<br>എല്ലാ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പിക്കണം. കുട്ടികളെ ഗ്രൂപ്പാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. ക്ലാസ്തലത്തിൽ ശുചിത്വ മത്സരം, വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു. | ജൂൺ<br>മാർച്ച് | അധ്യാപകർ<br>MPTA | 1000 |
| | പ്രവർത്തനം - പക്ഷി നിരീക്ഷണം<br>ക്യാമ്പ് - പക്ഷിനിരീക്ഷണത്തിന് അവസരം നൽ | ജനുവരി<br>മാർച്ച് | അധ്യാപകർ | 500 |

# ഗണിതം. LP

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| കുട്ടികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമാണം ഏകദിന ക്യാമ്പ്.<br>3) ഗണിത ക്ലബ്ബ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ – മാർച്ച് | SRG ക്ലാസ് ടീച്ചർ | SSA. |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ<br>ഗണിത ക്ലബ്ബ് ഗണിതം കളികളിലൂടെ | ആഴ്ചയിൽ ഒന്ന്വീതം<br>മാസത്തിൽ ഒന്ന് | SRG ക്ലാസ്സ് ടീച്ചർ | SSA |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG class Tr | SSA Staff SMC. |

യു.പി വിഭാഗം

വിഷയം: മലയാളം

പ്രവർത്തനം 1: വാർത്താലോകത്തേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

പ്രവർത്തനം 2: ഭാഷാകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |

പ്രവർത്തനം: 3 സാഹിത്യ അഭിരുചി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷയോടും സാഹിത്യത്തോടുമുള്ള ആഴമായ സ്നേഹം വളർത്തുക | സജീവമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ഭാഷാപരമായ പ്രാവീണ്യം വളർത്തുന്നതിനും മലയാളം പഠിക്കാനുള്ള താല്പര്യം ഉദ്ദീപിപ്പിക്കുന്നതുമായ പഠനാനുഭവങ്ങൾ നല്കുക | ജൂൺ മുതൽ മാർച്ച് | മലയാളം അധ്യാപകർ | |

## പ്രവർത്തനം 4: അക്ഷരലോകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തവും കൃത്യവും വ്യാകരണപരമായി ശരിയുമായ മലയാള വാക്യങ്ങളും വരികളും എഴുതുക. | ഉപന്യാസങ്ങൾ, കത്തുകൾ, റിപ്പോർട്ടുകൾ, ചെറുകഥകൾ, കവിതകൾ തുടങ്ങിയ വിവിധതരം എഴുത്ത് രൂപങ്ങൾ ഉചിതമായ ഘടനയും പദസമ്പത്തും ഉപയോഗിച്ച് രചിക്കാൻ | ആഗസ്റ്റ് മുതൽ നവംബർ | മലയാളം അധ്യാപകർ | |

## പ്രവർത്തനം 5: ചർച്ചകേന്ദ്രീകൃതമായ വിശകലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന, എഴുത്ത്, കേൾവി, സംസാരം തുടങ്ങി ആശയവിനിമയ ശേഷികൾ വികസിപ്പിക്കുക | ചർച്ചകളിലും സംവാദങ്ങളിലും സജീവമായി പങ്കെടുക്കാനും സ്വന്തം കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കുവാനും അവ ഫലപ്രദമായി ഉൾക്കൊള്ളുവാനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | മലയാളം അധ്യാപകർ | |

## പ്രവർത്തനം 6: വായനയും ആശയഗ്രഹണവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെ പദസമ്പത്ത് വർദ്ധിപ്പിക്കുക | പുതിയ വാക്കുകൾ തിരിച്ചറിയുക, സന്ദർഭത്തിൽ നിന്ന് അർത്ഥം കണ്ടെത്തുക, നിഘണ്ടുകൾ ഉപയോഗിക്കുക വാക്യങ്ങളിൽ ഉപയോഗിച്ച് പരിശീലിക്കുക | ജൂൺ മുതൽ മാർച്ച് | മലയാളം അധ്യാപകർ | |

# ENGLISH

| AIM | ACTIVITY | TIME | DUTY | ECONOMIC |
|---|---|---|---|---|
| Focussing on Speaking and listening skills | Conducting Programmes such as story telling, poem, recitation Listening exercise and dictation | June - July. | English teacher. | |
| To enhance grammar. | "word walls" Introduce the words as per their interest. Areas like adjective, verb and figurative language and present it in school assembly | June to March | English Teacher | |

| AIM | ACTIVITY | TIME | DUTY | ECONOMIC |
|---|---|---|---|---|
| To Improve Reading Skill | Language learning through reading cards and story books. | June to March | Class Teacher. | |

| AIM | ACTIVITY | TIME | DUTY | ECONOMIC |
|---|---|---|---|---|
| To speak confidently and understand what others are saying | Show and Tell<br>Bring an item and talk about it for a minute.<br>Story starter<br>Begin a story and then others finish it. | June to March | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ കുട്ടികളിലുറപ്പിക്കാനുള്ള വഴി | **ഗണിത ശില്പശാല**<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്.... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതാനുഭവ പഠനവും ഭാവനാശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പരിചയപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിതലാബ്**<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ; ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ഗണിതം മധുരമാക്കൽ | **ഗണിതപാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ മൂന്നോ നാലോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പിടിഎ. |
| ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| വിവിധ ശേഷികളുടെ വികാസം. | **ദിനാചരണം.** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സംഘടിപ്പി | ആവശ്യാനുസരണം | SRG | |

## അടിസ്ഥാന ശാസ്ത്രം

പ്രവർത്തനം: 1 പരിസര നിരീക്ഷണത്തിലൂടെ ശാസ്ത്രബോധം വളർത്തുക.

പഠനലക്ഷ്യം: പകരുന്ന രോഗങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മണ്ണ്, വായു, ജലം തുടങ്ങിയവയിലൂടെ പകരുന്ന രോഗങ്ങൾ കണ്ടെത്തുന്നു. രോഗം പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നു. | പരിസര ശുചീകരണം, വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കി വെള്ളം നിറഞ്ഞ് നിൽക്കുന്ന സാഹചര്യം ഒഴിവാക്കുന്നു. | ജൂൺ to ആഗസ്റ്റ് | സയൻസ് അധ്യാപകർ | 500/- |

പ്രവർത്തനം: 2 ആവാസവ്യവസ്ഥ മനസ്സിലാക്കൽ

പഠനലക്ഷ്യം: ജീവികളുടെ പരസ്പരാശ്രയം മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവികളുടെ പരസ്പരാശ്രയത്തെ കുറിച്ച് ധാരണ വളർത്തൽ. | കുളം, കാവ് എന്നിവ സന്ദർശിക്കൽ, പാടം സന്ദർശിക്കൽ, ജീവികളുടെ ആവാസവ്യവസ്ഥ മനസ്സിലാക്കുന്നു. | Sep to Oct | സയൻസ് അധ്യാപകർ | 300/- |

പ്രവർത്തനം: 3 പരീക്ഷണശാല

പഠനലക്ഷ്യം: നൂതന ശാസ്ത്രസാങ്കേതികവിദ്യ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പരീക്ഷണ ശേഷികൾ വികസിപ്പിക്കുക. ശാസ്ത്ര പഠന താൽപര്യം വളർത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടുക. ശാസ്ത്രകിറ്റ്, തയ്യാറാക്കൽ പ്രോഗ്രാം ലാബ് സജ്ജീകരണം ശില്പശാലകൾ ഒരുക്കുക. | ജൂൺ to മാർച്ച് | ശാസ്ത്ര അധ്യാപകർ, വിദ്യാർത്ഥികൾ | 1000/- |

പ്രവർത്തനം: 4 ശാസ്ത്രക്വിസ്

പ്രധാനലക്ഷ്യം: ശാസ്ത്ര അറിവ് വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവുമായി ബന്ധപ്പെട്ട അറിവ് വികസിപ്പിക്കൽ പുതിയ അറിവ് വളർത്തൽ. ശാസ്ത്രബോധം വികസിപ്പിക്കൽ | ക്വിസ് മത്സരങ്ങൾ ICT സാധ്യത ഉൾപ്പെടുത്തി കൊണ്ടുള്ള ക്വിസ് മത്സരങ്ങൾ | മാസത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | |

പ്രവർത്തനം: 5 രക്ഷിതാക്കൾക്ക് ബോധവൽക്കരണം

പ്രധാനലക്ഷ്യം: പ്രതിരോധകുത്തിവെപ്പിന്റെ പ്രാധാന്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | രക്ഷിതാക്കൾക്ക് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ക്ലാസ് നൽകുന്നു. | ജൂലൈ | സയൻസ് അധ്യാപകർ | 200/- |

അക്കാദമിക മാസ്റ്റർ പ്ലാൻ

സാമൂഹ്യ ശാസ്ത്രം.

പ്രവർത്തനം 1 ഓർമ്മച്ചെപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കാൻ നേടിയെടുക്കൽ. | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT ഉപയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

പ്രവർത്തനം 2.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽനിന്ന് അയൽക്കൂട്ടങ്ങളിലേക്ക്. ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | ജൂൺ ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ PTA | |

പ്രവർത്തനം 3.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന്റെ ഉത്തരവാദിത്തം തിരിച്ചറിയുന്നതിന്. | മഴക്കാല രോഗങ്ങൾ പകർച്ചവ്യാധികൾ ജലസംരക്ഷണ വിദ്യ വശങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ | ജൂൺ ജൂലൈ ഓഗസ്റ്റ് | Subject കൺവീനർ | 500. |

പ്രവർത്തനം 4 [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാമൂഹ്യ സേവനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | ഹോബിയിൽ ഉണ്ടാക്കിയ പോസ്റ്റ് കാർഡ് പ്രദർശനത്തിന് വിൽപ്പന തുക സമാഹരിച്ച് സ്ഥാപനങ്ങളിലേക്ക് | ജൂലൈ to ഡിസംബർ | SSG സോഷ്യൽ സയൻസ് ക്ലബ് | 2000 |

പ്രവർത്തനം 5 പോസ്റ്റർ നിർമ്മാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സമാധാന സന്ദേശം പകരുന്നതിന് | ഹിരോഷിമ ദിനാചരണം; സ്വാതന്ത്ര്യ ദിനാചരണം പ്രവർത്തനങ്ങൾ പോസ്റ്റർ നിർമ്മാണം, സഡാക്കോ കൊക്ക്, റാലി. | ആഗസ്റ്റ് 15 | സോഷ്യൽ സയൻസ് ക്ലബ് PTA | 100 |

പ്രവർത്തനം 6 അതിഥിയെ അറിയാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ചർച്ചകൾ സെമിനാർ സംവാദങ്ങൾ അഭിമുഖങ്ങൾ സാമൂഹികമായ അറിവ് നേടുക. | പ്രാദേശികമായി പ്രമുഖരായ അതിഥികളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, സംവാദങ്ങൾ, ചർച്ചകൾ. | ജൂൺ to March | സോഷ്യൽ സയൻസ് ക്ലബ് | 2000 |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി 2025-2026

| പ്രവർത്തനം | പ്രക്രിയകൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. U.P. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ. | · അക്ഷരം ട്രെയിൻ<br>· ചിഹ്നം ഉറപ്പിക്കൽ<br>· അക്ഷര കാർഡ് നിർമാണം<br>· അക്ഷരമാല പ്രദർശനം.<br>· പദ നിർമാണം<br>· വാക്യങ്ങൾ നിർമാണം | June To August | അക്ഷര. ചാർട്ട് പ്രിന്റുകൾ. | BRC DIET R.P. |
| വീട് ഒരു പരിശീലനാലയം. വീട്ടിൽ കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര്. | · വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>· I.C.T. അവസരം.<br>· C.W.S.N. കുട്ടികളുടെ പങ്കാളിത്തം. | September To October | ഹിന്ദി നിഘണ്ടു | P.T.A. BRC R.P. |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും, സർഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം. | · ഹിന്ദി അസംബ്ലി<br>· ദിനാചരണങ്ങൾ<br>· ക്ലാസ് ലൈബ്രറി<br>· അധിക വായന സാമഗ്രികൾ (Book, Chart)<br>· ചിത്രത്തിന്റെ സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ.<br>· [illegible] | November To February | ഹിന്ദി പുസ്തകങ്ങൾ | DRC P.T.A. R.P. |

# അക്കാദമിക മാസ്റ്റർ പ്ലാൻ /അറബി/

പ്രശ്നം: സ്വതന്ത്രവായനക്ക് പ്രയാസം നേരിടുന്നു.

ലക്ഷ്യം: എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | തുക | | |
|---|---|---|---|---|---|
| | | | A-Teacher | സാമ്പത്തിക |
| വായിക്കാം വളരാം. | കഥാസ്വാദനം | ജൂൺ 19-25 | | | 100 |
| | വിശകലനം | ജൂൺ മുതൽ | | | |
| | വായനാസാമഗ്രികൾ | ജൂലൈ 1-15 | | | 1000 |
| | കാർഡുകൾ നിർമ്മിക്കൽ | | | | |
| | ഇടവായന | ജൂലൈ 15 മാർച്ച് 15 | | | |
| | ആശയാവതരണം | weekly | | | |
| | വായനാ മത്സരം | മാർച്ച് 10 | | | 1500 |

പ്രശ്നം: സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു

ലക്ഷ്യം: എല്ലാ കുട്ടികളുടെയും ആശയവിനിമയ ശേഷി വർധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | തുക | സാമ്പത്തിക |
|---|---|---|---|---|
| Walk with Arabic. سيروا مع العربية | മെറ്റീരിയൽ ശേഖരിക്കൽ | July 1-25 | | |
| | കേൾക്കാം പറയാം | ജൂൺ - മാർച്ച് | | |

| | |
|---|---|
| പ്രശ്നം: | നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു. |
| ലക്ഷ്യം: | നിഘണ്ടു ഉപയോഗിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം | ജൂൺ - ആഗസ്റ്റ് | AT | |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| വളരുന്ന നിഘണ്ടു<br>വളരുന്ന പുസ്തകം | എന്റെ സ്വന്തം നിഘണ്ടു / പുസ്തകം | ജൂൺ മാർച്ച് | AT | |

| | |
|---|---|
| പ്രശ്നം: | പദസമ്പത്തിന്റെ കുറവ് |
| ലക്ഷ്യം: | പദസമ്പത്ത് വർധിപ്പിക്കാൻ അക്ഷരങ്ങളുടെ സാദൃശ്യ വിന്യാസങ്ങൾ തിരിച്ചറിയുക |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരക്ഷരം ഒരു പാട് പദങ്ങൾ | പദച്ചങ്ങല | ജൂൺ മാർച്ച് | AT | 500 |
| | പദപയറ്റ് | | | |
| حرف واحد ألفاظ عديدة | | | AT | |

| | | | | |
|---|---|---|---|---|
| ജീവ് രാജൻ<br>ശരണ്യ | താലിബ്<br>അൻസിഫ്<br>ഫ്രാൻസിമോന | ജൂൺ 25<br>ജൂൺ 30 | | |
| | പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | ജൂൺ 30 | | |
| | മഹാന്മാരെ അറിയൽ | ജൂലൈ 15 | AT | 50 |
| | പതിപ്പ് നിർമ്മാണം | മാർച്ച് 15<br>weekly | | 30 |
| | ദിനാചരണങ്ങൾ - പോസ്റ്റർ | Quarterly | | 20 |

SANSKRIT 1

| പ്രവർത്തനം, ലക്ഷ്യം. | വിശദാംശങ്ങൾ | കാലാവധി |
| --- | --- | --- |
| 1. അക്ഷരജ്യോതി (കുട്ടികളിൽ അക്ഷരജ്ഞാനം വർധിപ്പിക്കുക) | * छात्राणां मध्ये अक्षरज्ञानसंवर्धनात्मकानि कार्याणि आयोजयन्ति।<br>1) अक्षरगीतम्<br>अक्षराणामधिकृत्य गीतालापनं<br>2) अक्षरकार्ड निर्माणम्<br>3) अक्षराणि उपयुज्य पदनिर्माणम् च। | ജൂൺ, ജൂലൈ<br>സാമ്പത്തികം: സംസ്കൃതാധ്യാപിക |
| 2. സരള സംസ്കൃതം. (കൂടുതൽ സംസ്കൃത പദങ്ങൾ പരിചയപ്പെടുക) | * छात्राणां कृते अधिकबोधनाय नातान् कार्यान् क्रीयन्ते।<br>1) बन्धुवाचकशब्दाः<br>2) पुष्पपदकोशः<br>3) नित्योपयोगवस्तुपरिचयः।<br>4) शाकानां नामबोधनम्<br>5) कक्षायां वर्तमानानां वस्तूनां परिचयः। | ആഗസ്റ്റ്, സെപ്റ്റംബർ.<br>സാമ്പത്തികം: സംസ്കൃതാധ്യാപിക |

SANSKRIT 2.

| പ്രവർത്തനം, ലക്ഷ്യം | വിശദാംശങ്ങൾ | കാലാവധി. |
|---|---|---|
| 3. സംസ്കൃതം വാരം.<br>(പൊതുസംഭാഷണ ശബ്ദങ്ങൾ പരിചയപ്പെടുക) | संस्कृतेन वक्तुं छात्राणां कृते लघु प्रयत्नाः ध्येय:।<br><br>सुप्रभातम्<br>सुमध्यानम्<br>आगच्छामि वा<br>भवतः नाम किम्?<br>छत्रम् अस्ति वा?<br>संस्थम् अस्ति खलु?<br>कूप्यां जलं अस्ति वा?<br>कृपया लेखनीं ददातु। | ഒക്ടോബർ നവംബർ.<br><br>സാമ്പത്തികം: സംസ്കൃതാധ്യാപിക |
| 4. സംസ്കൃതധാര.<br>(ചിഹ്നപരിചയം) | संस्कृतभाषायां वर्तमानानि चिह्नानां परिचयनं करोति। चिह्नानि उपयुज्य पदलेखनं च परिचयनं करोति।<br><br>चिह्नानां लेखनाय विविधवर्णलेखन्यः उपयुज्यन्ते। | ഡിസംബർ.<br><br>സാമ്പത്തികം: സംസ്കൃതാധ്യാപിക |

# ഉർദു - 97/1

| ക്രമ നം | പദ്ധതി | ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ചിരാഗ് പഢ്നാ ആസാൻ چراغ پڑھنا آسان | * എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരങ്ങൾ തെറ്റ് കൂടാതെ എഴുതാനും ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുമുള്ള ശേഷിയെ വളർത്തുന്നതിന് | * അക്ഷരപദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കൽ. * പദ ചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു * ചിത്രങ്ങളുടെയും വാക്കുകളുടെയും സഹായത്താൽ വാക്യങ്ങൾ എഴുതുന്നു. * ചെറിയ കഥ, കവിത, വിവരണം വായിക്കുന്നു ചർച്ച ചെയ്യുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് | ഉർദു അധ്യാപിക. | |
| 2. | സുരേലി ഉർദു سُریلی اردو | [illegible] തലങ്ങളിലെ പഠനനേട്ടങ്ങൾ സ്വായത്തമാക്കുന്നതിന് പിന്തുണയേകുന്ന പ്രവർത്തനങ്ങളുടെ സഹായത്താൽ ശേഷികൾ പരിപോഷിപ്പിക്കുന്നതിന് | * വീട്ടിലും സ്കൂളിലും ചുറ്റുപാടുകളിലും കാണുന്ന വസ്തുക്കളുടെ പേരുകൾ ഉർദുവിൽ എഴുതുന്നു. * ചെറിയ ചെറിയ വാചകങ്ങൾ നിർമ്മിച്ച് സംസാരിക്കുന്നു. | ജൂൺ - മാർച്ച് | ഉർദു അധ്യാപിക. | |

| | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 3. | ഡിജിറ്റൽ ഉർദു | *ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പഠനം രസകരവും ഫലപ്രദവുമാക്കുന്നതിന് | * ഉർദു ഭാഷാ പഠനത്തിന് സഹായിക്കുന്ന ആൻഡ്രോയ്ഡ് ആപ്പുകൾ പരിചയപ്പെടുത്തുന്നു<br>* ഉർദു കീബോർഡ് പരിചയപ്പെടുത്തുന്നു.<br>*ഉർദു വിജ്ഞാന ശേഖരങ്ങളായ വെബ്സൈറ്റുകൾ പരിചയപ്പെടുത്തുന്നു. | ജൂൺ മാർച്ച് | ഉർദു അധ്യാപിക | |
| 4. | ദിനാചരണ പങ്കാളിത്തം | * വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ദിനാചരണങ്ങളിൽ ഉർദു ഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അവയുടെ സന്ദേശങ്ങൾ ഉറപ്പിക്കുന്നതിനും. | * പോസ്റ്ററുകൾ നിർമ്മിക്കുന്നു.<br>* പ്ലക്കാർഡുകൾ നിർമ്മിക്കുന്നു. | ജൂൺ- മാർച്ച് | ഉർദു അധ്യാപിക | |

# വിവരസാങ്കേതിക വിദ്യ

പ്രവർത്തനം - 1

പേര് - IT ലാബ്

ഉപമേഖല - കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികൾക്ക് ആത്മവിശ്വാസത്തോടും സ്വതന്ത്ര്യമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കൽ | IT, ICT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | June to August | SITC. | |

പ്രവർത്തനം - 2.

പേര് - വിവരസാങ്കേതിക വിദ്യാഭ്യാസം.

ഉപമേഖല - അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി വിനിയോഗിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ അധ്യാപകർ ശേഖരിക്കുന്നു. പരിചയപ്പെടുത്തുന്നു. | ഓരോ മാസത്തിലും | SITC. | |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തന വിശദാംശം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|
| * നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവസരം നൽകുക. | ക്ലാസ്സ് അധ്യാപകർ | 500/- | ജൂൺ to മാർച്ച് |
| * വിവിധ മേഖലകളിൽ പങ്കെടുക്കുന്നതിനുള്ള പ്രാഗത്ഭ്യം വളർത്തുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക. | പ്രവൃത്തി പരിചയ ക്ലബ്ബ് | 500/- | സെപ്റ്റംബർ |
| * വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രാപ്തരാക്കുക. | ചവിട്ടി, കുട, പാവ എന്നിവയുടെ നിർമ്മാണത്തിന് പരിശീലനം നൽകുക. | പ്രവൃത്തി പരിചയ ക്ലബ്ബ് | 500/- | ആഗസ്റ്റ് To ഒക്ടോബർ |
| | | | | |

# കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തന വിശദാംശം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|
| കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ | * ചിത്രം വര, നൃത്തം പാട്ട് എന്നിവയിൽ കുട്ടികൾക്ക് നൈപുണ്യം നേടുന്നതിന് വേണ്ട പരിശീലനം നൽകുന്നു.<br>* നൃത്ത പരിശീലനം നൽകുന്നു.<br>* കലാമേളകളിൽ പങ്കെടുപ്പിക്കുന്നു. | ക്ലാസ് അധ്യാപകർ | 1000/- | ജൂലൈ to ഡിസംബർ |

# കായികം

| ലക്ഷ്യം | പ്രവർത്തന വിശദാംശം. | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|
| ശരീരത്തിന്റെ ക്ഷമത വർദ്ധിപ്പിക്കുക. | ആഴ്ച്ചയിൽ ഒരു പിരിഡ് കായിക വിദ്യാഭ്യാസത്തിന് നൽകും. | ക്ലാസ് അധ്യാപകർ | | ജൂൺ to മാർച്ച് |
| വ്യായാമത്തിലൂടെ ശാരീരിക വളർച്ച നേടുക. അച്ചടക്കം വളർത്തുക. | യോഗ പരിശീലനം സംഘടിപ്പിക്കുന്നു. അസംബ്ലിയിൽ എക്സൈസ് ചെയ്യിപ്പിക്കുന്നു. | യോഗ അധ്യാപക. | PTA Fund | ആഗസ്റ്റ് to ഫെബ്രുവരി. |
| ഏകാഗ്രത കായിക ക്ഷമത സ്വയം പ്രതിരോധനത്തിനുള്ള കഴിവ് വളർത്തുക. | കരാത്തെ പരിശീലനം നൽകുന്നു. | | PTA കരാത്തെ അധ്യാപകൻ | ആഗസ്റ്റ് to ഫെബ്രുവരി. |

# അക്കാദമിക പ്രവർത്തനം

മലയാളം, ഇംഗ്ലീഷ് ഭാഷാ വികാസത്തിനു ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ലളിതമായ വാക്കുകൾ വായിക്കാനും എഴുതാനും സാധ്യമാക്കുക. എന്നതാണ് ഇതു വഴി ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷ് ഭാഷാ വികസന പ്രവർത്തനങ്ങൾക്ക് Linda teacher ഉം (LP വിഭാഗം) Riney teacher (UP വിഭാഗം) നേതൃത്വം വഹിക്കുന്നു. മലയാള ഭാഷാ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് Jismi teacher UP വിഭാഗം (LP വിഭാഗം) Seema teacher എന്നിവരാണ്.

## അക്കാദമികേതരം

| ലക്ഷ്യം | പ്രവർത്തന വിശദാംശം | ചുമതല | സാമ്പത്തികം | സമയം |
| --- | --- | --- | --- | --- |
| കുട്ടികളിൽ പ്രകൃതിയോട് ആടുപ്പം വളർത്തുക | പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു | | | |
| ചെണ്ടുമല്ലി ത്തോട്ടം നിർമ്മാണം | കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ സ്കൂൾ മുറ്റത്ത് മനോഹരമായ ചെണ്ടുമല്ലി ത്തോട്ടം നിർമ്മിക്കുന്നു. | | | |
| ഭവനസന്ദർശനം | കുട്ടികളുടെ ജീവിത പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകർ കുട്ടികളുടെ ഭവനം സന്ദർശിക്കുന്നു ആവശ്യമായ പിന്തുണ നൽകുന്നു. | | | |

# അക്കാദമികേതര പ്രവർത്തനം

## ചെണ്ടുമല്ലി തോട്ടം, പച്ചക്കറി തോട്ടം

കുട്ടികളെ കൃഷിയിൽ താൽപര്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്കൂളിൽ ചെണ്ടുമല്ലി തോട്ടവും പച്ചക്കറി തോട്ടവും നിർമിക്കുക എന്ന ആശയം ഉടലെടുത്തത്. കുട്ടികളിൽ കൃഷിയെ കുറിച്ചുള്ള ധാരണ, കായികാരോഗ്യം, മാനസികോല്ലാസം എന്നിവ വളർത്താൻ ഇത് ഉപകരിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായിരിക്കും ഈ പ്രവർത്തനങ്ങൾ. ഇതിന്റെ പ്രവർത്തനങ്ങളിലൂടെ കടന്നുപോകുമ്പോൾ പ്രകൃതിയുമായി കൂടുതൽ ഇഴുകിച്ചേരുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. സ്കൂൾ ഉച്ചഭക്ഷണത്തിനായുള്ള പച്ചക്കറികൾ ശേഖരിക്കുന്നതിനും ഓണക്കാലത്ത് ആവശ്യമായ പൂക്കൾ ശേഖരിക്കുന്നതിനും വിൽപന നടത്തുന്നതിനും ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. ഇതിലൂടെ സ്വയം പര്യാപ്തമായ പച്ചക്കറി ശേഖരണവും ലക്ഷ്യമിടുന്നു.

# ഉപസംഹാരം

2025-2026 അധ്യയന
വർഷത്തിൽ മാസ്റ്റർ പ്ലാൻ
തയ്യാറാക്കാൻ സഹകരിച്ച
ഏവർക്കും നന്ദി....